LIBRARY ARCHIVES Kerala Legislative Assembly

**അദ്ധ്യാപികയായ രാജി ജോസഫ് ഹൈക്കോടതിയിൽ നൽകിയ കേസ്**

**55 (7020)** ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് മലപ്പുറം ജില്ലയിലെ വാഴൂർ എം.എച്ച്.എം.എ. യു.പി. സ്കൂളിലെ അദ്ധ്യാപികയായ രാജി ജോസഫ് ഹൈക്കോടതിയിൽ നൽകിയ കേസിൻമേലുള്ള (കേസ് നമ്പർ 27412/2013) വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് ആറുമാസത്തിനകം തീരുമാനം അറിയിക്കണമെന്ന ഹൈക്കോടതി വിധിപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-സി) നടപടി സ്വീകരിച്ചുവരുന്നു.

**ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് യോഗ്യതാ ടെസ്റ്റ്**

**56 (7021)** ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 50 വയസ് തികഞ്ഞതും എന്നാൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസാകാത്തതുമായ ഹൈസ്കൂൾ അധ്യാപകർക്ക് ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് യോഗ്യതാ ടെസ്റ്റ് പാസാകണം എന്ന നിബന്ധനയിൽ ഇളവ് വരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ടെസ്റ്റ് പാസാകണമെന്ന നിബന്ധന എത്ര നാളത്തേയ്ക്കാണ് ഒഴിവാക്കി നൽകിയിരിക്കുന്നത് ;

(സി) 50 വയസ് പൂർത്തിയായിട്ടുള്ള ഹൈസ്കൂൾ അധ്യാപകർക്ക് പ്രൊമോഷൻ നൽകാൻ തീരുമാനിച്ചതിലൂടെ എത്ര അധ്യാപകർക്ക് ഇതിന്റെ ആനുകൂല്യം ഇടുക്കി ജില്ലയിൽ ലഭിക്കും ;

(ഡി) പ്രസ്തുത അധ്യാപകർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?